## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം : T 7111

11. 07. 2014 - ൽ മറുപടിക്ക്

# ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ :

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഇല്ല.

(ബി) ഗ്രാമീണ വായനശാലകൾക്ക് നൽകുന്ന പ്രവർത്തന ഫണ്ട് എപ്രകാരമാണ്. ;

(ബി) ലൈബ്രറികളെ എ മുതൽ എഫ് വരെയുള്ള ഗ്രേഡുകളായി തിരിച്ച് ചുവടെ പറയും പ്രകാരം വാർഷിക ഗ്രാന്റ് അനുവദിക്കുന്നു.

എ ഗ്രേഡ് ലൈബ്രറി - 20,000
ബി ഗ്രേഡ് ലൈബ്രറി - 15,000
സി ഗ്രേഡ് ലൈബ്രറി - 12,000
ഡി ഗ്രേഡ് ലൈബ്രറി - 10,000
ഇ ഗ്രേഡ് ലൈബ്രറി - 8,500
എഫ് ഗ്രേഡ് ലൈബ്രറി - 7,500

കുറഞ്ഞത് ആറ് പരിപാടികൾ സംഘടിപ്പിക്കുന്ന ഗ്രന്ഥശാലകൾക്ക് പ്രവർത്തന ഗ്രാന്റ് നൽകുന്നുണ്ട്. കെട്ടിട ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ് എന്നിവയും വിവിധ വികസന പദ്ധതികൾക്കും ധനസഹായം നൽകുന്നു.

(സി) ഗ്രാമീണ വായനശാലകളിൽ അടിസ്ഥാന സൌകര്യ വികസനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ രൂപീകരിയ്ക്കുമോ ;

(സി) നാലുതലങ്ങളിലായാണ് സംസ്ഥാനത്തെ ഗ്രന്ഥശാലാ മേഖല പ്രവർത്തിക്കുന്നത്. (1) ഗ്രന്ഥശാലാതലം. (2) താലൂക്ക് ലൈബ്രറി കൌൺസിൽ (താലൂക്ക് തലം) (3) ജില്ലാ ലൈബ്രറി കൌൺസിൽ (ജില്ലാതലം) (4) സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ (സംസ്ഥാനതലം) എന്നിങ്ങനെയാണ് നാലുതലങ്ങൾ. ഗ്രന്ഥശാലാ തലത്തിൽ ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ്, ലൈബ്രേറിയൻമാർക്കുള്ള അലവൻസ്, കെട്ടിട ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ് തുടങ്ങിയവ നൽകുന്നു. ഇതിനു പുറമെ ലൈബ്രറി കൌൺസിൽ വിഭാവന ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും ഗ്രാന്ഥശാലാ തലത്തിൽ നടന്നു വരുന്നു. സംസ്ഥാനത്തെ ഗ്രന്ഥശാലകളെ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 2 വർഷമായി കൂടുതൽ ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള പദ്ധതി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാന വ്യാപനത്തിന്റെ സാദ്ധ്യതകൾ ഗ്രാമീണ തലത്തിൽ ലഭ്യമാക്കുവാനും ആഗോള വിജ്ഞാന വിനിമയ ശൃംഖലയുടെ ഭാഗമാക്കുവാനും ആയിരം ഗ്രാമീണ ഗ്രന്ഥശാലകളെ ഘട്ടംഘട്ടമായി ഇന്റർനെറ്റ് സൌകര്യത്തോടെ നവീകരിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിലൂടെ സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമീണതലത്തിലെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ മാറ്റുവാൻ കഴിയും. ജനകീയ ജീവിതത്തിന്റെ എല്ലാ മേഖലകളുടെയും മുഖ്യകേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ ശക്തിപ്പെടുന്നതിന് ആവശ്യമായ വികസന പദ്ധതികൾ സ്റ്റേറ്റ് ലൈബ്രറി കൌൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ഡി) അൻപത് വർഷം പൂർത്തിയാക്കിയതും സ്വന്തമായി കെട്ടിടമുള്ളതുമായ വായനശാലകൾക്ക് കെട്ടിട നികുതിയിലും വൈദ്യുതി നിരക്കിലും ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിയ്ക്കുമോ ;

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) സ്വന്തമായി കെട്ടിടമുള്ള ഗ്രാമീണ വായനശാലകളുടെ കെട്ടിട പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

(ഇ) മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്

സെക്ഷൻ ഓഫീസർ